## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം - 14

വിഷയം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ടുമാരെ സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി ആന്റ് ട്രഷററായി പ്രൊമോഷൻ നല്കി നിയമിച്ച് ഉത്തരവാകുന്നു

പരാമർശം- 1. 2015-ലെ ഡി.പി.സി സെലക്ട് ലിസ്റ്റ്
2. ഉത്തരവ് നമ്പർ- ഇ2-16388/2011/ഡി.ഐ.എം.എസ് തീയതി, 13.11.2013 (സീനിയോരിറ്റി ലിസ്റ്റ്)
3. ഉത്തരവ് നമ്പർ- ഇ2-4844/2015/ഡി.ഐ.എം.എസ് തീയതി, 06.01.2016
4. 30.01.2016-ലെ 26026/എഫ്2/2015/തൊഴിൽ സർക്കാർ കത്ത്

..........................

### ഉത്തരവ് നമ്പർ - ഇ2-16388/2011/ഡി.ഐ.എം.എസ് തീയതി, 03.02.2016

പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ ലേ സെക്രട്ടറി ആന്റ് ട്രഷറർ ശ്രീ.എസ്.രാമചന്ദ്രൻ, എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ ശ്രീ.പി.എൻ.ഹരിദാസ് എന്നിവർ 31.01.2015-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ രണ്ട് സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി ആന്റ് ട്രഷറർമാരുടെ ഒഴിവുണ്ടായിരിക്കുന്നു. തുടർന്ന്, പരാമർശം (3) പ്രകാരം കോഴിക്കോട് ഉത്തരമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.വി.റ്റി.ഷെർലിയെ എറണാകുളം മദ്ധ്യമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറാഫീസിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുകയുണ്ടായി. തന്നിമിത്തം ഉത്തരമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറാഫീസിലും പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലുമാണ് രണ്ട് ഒഴിവുകൾ നിലവിലുള്ളത്.

2015-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട രണ്ട് ജൂനിയർ സൂപ്രണ്ടുമാർക്കെതിരെ അച്ചടക്ക നടപടികൾ ഒന്നും നിലനിൽക്കുന്നില്ലായെങ്കിൽ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതിന് പരാമർശം (4) പ്രകാരം സർക്കാർ അനുമതി നൽകുകയുണ്ടായി.

മേൽ സാഹചര്യത്തിൽ 2015-ലെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടതും അച്ചടക്കനടപടികൾ നിലവിലില്ലാത്തതും ഏറ്റവും സീനിയറുമായ താഴെപറയുന്ന രണ്ട് ജൂനിയർ സൂപ്രണ്ട്മാരെ 18740-33680 ശമ്പളസ്കെയിലിൽ സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി ആന്റ് ട്രഷറർ ആയി ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും തസ്തികയും നിലവിലെ സ്ഥാപനവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും സ്ഥാപനവും |
|---|---|---|
| 1 | ശ്രീ.യു.കെ.പുരുഷോത്തമൻ,<br>ജൂനിയർ സൂപ്രണ്ട്,<br>ഇ.എസ്.ഐ ആശുപത്രി, ഫറോക്ക് | സീനിയർ സൂപ്രണ്ട്,<br>റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറാഫീസ്,<br>ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,<br>ഉത്തരമേഖല, കോഴിക്കോട് |
| 2 | ശ്രീ.കെ.കെ.ഹരിദാസ്,<br>ജൂനിയർ സൂപ്രണ്ട്,<br>ഇ.എസ്.ഐ ആശുപത്രി, വടവാതൂർ | ലേ സെക്രട്ടറി ആന്റ് ട്രഷറർ,<br>ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട |

പകരം ആളിനെ കാത്തിരിക്കാതെ, സ്ഥാപനമേധാവികൾ ഉത്തരവ് കൈപ്പറ്റുന്ന മുറയ്ക്ക് മേൽ ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതാണ്.

ടിയാളുകൾ ജോലിയിൽ നിന്നും വിടുതൽ ചെയ്ത തീയതിയും ജോലിയിൽ പ്രവേശിച്ച തീയതിയും യഥാസമയം അറിയിക്കേണ്ടതും ആർ.റ്റി.സി അയച്ച് തരേണ്ടതുമാണ്.

(ഒപ്പ്)
**ഡോ.എം.ബീനത്ത്,**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

സ്വീകർത്താവ്

1. ശ്രീ.യു.കെ.പുരുഷോത്തമൻ,
   ജൂനിയർ സൂപ്രണ്ട്,
   ഇ.എസ്.ഐ ആശുപത്രി, ഫറോക്ക് (സ്ഥാപനമേധാവി മുഖാന്തിരം)

2. ശ്രീ.കെ.കെ.ഹരിദാസ്
   ജൂനിയർ സൂപ്രണ്ട്,
   ഇ.എസ്.ഐ ആശുപത്രി, വടവാതൂർ (സ്ഥാപനമേധാവി മുഖാന്തിരം)

പകർപ്പ് - 1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം

2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഐ.എം.എസ് ,
   ദക്ഷിണമേഖല, കൊല്ലം/മദ്ധ്യമേഖല, എറണാകുളം/
   ഉത്തരമേഖല, കോഴിക്കോട്
3. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, ഫറോക്ക്/വടവാതൂർ/പേരൂർക്കട
4. ഡെപ്യൂട്ടി ഡയറക്ടർ (ഹോമിയോ)/(ആയുർവേദം)
5. ഡയറക്ടറുടെ സി.എ/ജോയിന്റ് ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ/എസ്റ്റാബ്ലീഷ്മെന്റ് സൂപ്രണ്ട്
6. ഫയൽ/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

എസ്കെവി-4.2..16